(ബി) നടപ്പു സാമ്പത്തിക വർഷം ഇതുവരെ ആയുർവേദ ആശുപത്രികളോ ഡിസ്പെൻസറികളോ ആരംഭിച്ചിട്ടില്ല. ഒരു പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ആയുർവേദ ചികിൽസാ സ്ഥാപനമെങ്കിലും ഉണ്ടാകണം എന്ന ലക്ഷ്യത്തോടെ, പദ്ധതി വിഹിതത്തിനനുസൃതമായി പഞ്ചായത്ത് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതനുസരിച്ച് ഘട്ടംഘട്ടമായി അവ അനുവദിക്കുകയാണ് ഗവൺമെന്റ് നയം. ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ വർഷം ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഔഷധ വിതരണം യഥാസമയം നടത്തുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും സത്വര നടപടി സ്വീകരിച്ചുവരുന്നു.

149 (775) ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറി അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) പാലക്കാട് ജില്ലയിലെ കൊല്ലംകോട് നിയോജകമണ്ഡലത്തിലെ പനങ്ങാട്ടിരിയിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻപ്രകാരം പ്രസ്തുത സ്ഥലത്ത് ഈ സാമ്പത്തിക വർഷം തന്നെ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ സ്ഥലനിർണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

150 (776) ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly